Draft #1 of File 45081/EI 28-3/2021/EI 28 Approved by ASSISTANT REGISTRAR II (ACADEMIC) on 24-Mar-2021 05:09 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സി.പി.എ.എസ് -ഐ.എൻ.ഇ യുടെ വിവിധ കേന്ദ്രങ്ങളിലെ ബി.എസ്‌സി നഴ്സിംഗിന്റെ ഒന്നം,രണ്ടും,മൂന്നം വർഷങ്ങളിലെ പരീക്ഷകൾ വിജയിക്കാത്ത 2016 പ്രവേശന ബാച്ച് വിദ്യാർ ത്ഥികൾ ക്ക് നാലാംവർഷ റഗുലർ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകി ഉത്തരവാകുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 1767/AC A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.03.2021

---

*പരാമർശം:*-(1 ) സി.പി.എ .എസ് -ഐ.എൻ.ഇ. യുടെ വിവിധ കേന്ദ്രങ്ങളിലെ ബി.എസ്‌സി നഴ്സിംഗ് വിദ്യാർത്ഥികൾ 15/03/2021 തിയതിയായി സമർപ്പിച്ച അപേക്ഷ
(2 ) സ.ഉ.നം.4356/ACAIV/2019/MGU,17/09/2019

**ഉത്തരവ്**

മേൽ സൂചന (1) പ്രകാരം , 2016 അദ്ധ്യയന വർഷത്തിൽ ബി.എസ്‌സി നഴ്സിംഗ് പ്രവേശനം നേടിയതും ഒന്നം, രണ്ടും , മൂന്നം വർഷങ്ങളിലെ പരീക്ഷകൾ വിജയിക്കാത്തവരുമായ വിദ്യാർത്ഥികൾ നാലാം വർഷ റഗുലർ പരീക്ഷ എഴുതുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. നിലവിലെ വ്യവസ്ഥ പ്രകാരം ബി.എസ്‌സി നഴ്സിംഗ് കോഴ്സിന്റെ അവസാന വർഷ പരീക്ഷ എഴുതണമെങ്കിൽ ടി കോഴ്സിന്റെ ഒന്നം രണ്ടും മൂന്നം വർഷ പരീക്ഷകൾ വിജയിച്ചിരിക്കണം.

നഴ്സിംഗ് കോഴ്സുകൾ നിലവിൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതിനാലും മഹാത്മാഗാന്ധി സർവ്വകലാശാലക്ക കീഴിൽ ടി കോഴ്സിന് തുടർബാച്ചുകളില്ലാത്ത സാഹചര്യത്തിലും താഴ്ന്ന വർഷ പരീക്ഷകൾ വിജയിക്കാത്ത വിദ്യാർത്ഥികൾക്ക് മേൽ സൂചന (2) പ്രകാരം ടി വ്യവസ്ഥ ഇളവ് ചെയ്തു ഉപാധികളോടെ നാലാം വർഷ പരീക്ഷയെഴുതാൻ അനുമതി നൽകിയിരുന്നു. സമാനസ്ഥിതരായ വിദ്യാർത്ഥികളാണ് ഇപ്പോൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത വിഷയം അനുഭാവപൂർവം പരിഗണിച്ച ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ,10 (17) വകുപ്പ് പ്രകാരം ടി വിദ്യാർത്ഥികൾക്ക് നാലാം വർഷ പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകികൊണ്ട് 15/03/2021 തീയതിയായി ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .വി.സി /പി.വി.സി -യുടെ പി എസ് മാർ

2 .റജിസ്ട്രാർ /സി.ഇ -യുടെ പി എമാർ

3 .ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ

4 .ഡയറക്ടർ ,സി.പി.എ.എസ്

5 .ജെ.ആർ/ഡി.ആർ/ എ .ആർ (പരീക്ഷ/അക്കാഡമിക്)

6 .ഇ.ഐ 28 ,ഇ.എ 1 ,ഇ.ബി 5 ,എ സി.സി I /II സെക്ഷനുകൾ

7 .കണ്ടെന്റ് മാനേജ്മന്റ് /റെക്കോർഡ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 45081/EI 28-3/2021/EI 28 Approved by ASSISTANT REGISTRAR II (ACADEMIC) on 24-Mar-2021 05:09 PM - Page 2